(ഡി, ഇ) ടണൽ അവസാനിക്കുന്ന ഭാഗം തമിഴ്നാട്ടിലായതിനാൽ ഈ കാര്യം തമിഴ്നാട് അധികൃതരുമായി ബന്ധപ്പെട്ട ജോയിന്റ് കൺട്രോൾ ബോർഡ് മീറ്റിംഗിൽ ഉന്നയിച്ചിട്ടുണ്ട്. 1995-ൽ VII-ാമത് ഒരു സി.ബി. മീറ്റിംഗിൽ ഈ കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) 1984 മുതലാണ് തമിഴ്നാട് ശിരുവാണി ഡാമിൽനിന്നും വെള്ളം കൊണ്ടു പോകുന്നത്.

(എച്ച്) ജലത്തിന്റെ അളവെടുക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

തമിഴ്നാട് അർഹമായ ജലത്തിൽ കൂടുതൽ കടത്തിക്കൊണ്ടു പോകുന്ന കാര്യം

88 [5232] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ തമിഴ്നാട് അർഹമായ ജലത്തിൽ കൂടുതൽ കടത്തിക്കൊണ്ടുപോകുന്നുണ്ടോ;

(ബി) എങ്കിൽ അക്കാര്യം എപ്പോൾ മുതൽ മനസ്സിലാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള-തമിഴ്നാട് അതിർത്തിയിലെ തടയണകൾ

89 [5233] ശ്രീ. പി. എസ്. സുപാൽ:
„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-തമിഴ്നാട് അതിർത്തിയിലെ പ്രദേശങ്ങളിൽ കേരളത്തിനുള്ള വെള്ളം ശേഖരിക്കുന്നതിന് തടയണകൾ നിർമ്മിച്ചിട്ടുണ്ടോ; ഇതിൽ കോൺക്രീറ്റ് തടയണകൾ നിർമ്മിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ തടയണകൾ നിർമ്മിച്ച് കേരളത്തിനർഹതപ്പെട്ട ജലം തടഞ്ഞിട്ടുള്ളത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിനർഹതപ്പെട്ട ജലം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) തമിഴ്നാട്ടിൽനിന്നും കേരളത്തിലേക്ക് ഒഴുകുന്ന പുഴകളിൽ തമിഴ്നാട് അണക്കെട്ടുകളും വിയറുകളും നിർമ്മിച്ചിട്ടുണ്ട്. എത്ര തടയണകൾ നിർമ്മിച്ചിട്ടുണ്ട് എന്നറിവില്ല.

(സി) കേരള-തമിഴ്നാട് സംസ്ഥാനങ്ങളിലൂടെ ഒഴുകുന്ന കാവേരി നദിയുടെ പോഷക നദികളായ ഭവാനി, പാമ്പാർ എന്നീ നദികളിൽ നിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിനുവേണ്ടി കാവേരി നദീജല തർക്ക ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

കേരളത്തിൽ നിന്ന് അനധികൃതമായി ജലം കടത്തുന്നുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് റെയ്സിനുകളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസറൻമാരായും ഉള്ള ഒരു സംവിധാനം നിലവിലുണ്ട്. നിയമപരവും ഭരണപരവുമായ എല്ലാ നടപടികളും ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

ഭവാനി നദിയിലെ തടയണകൾ

90 [5234] ശ്രീ. വി. ബാലറാം:

,, എം.കെ. പോൾസൺ മാസ്റ്റർ:

,, എ. പി. അനിൽകുമാർ:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവാനി നദീജലകരാറനുസരിച്ച് എവിടെയെല്ലാം തടയണകൾ കെട്ടുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്;

(ബി) തമിഴ്നാട് എവിടെയെല്ലാം തടയണകൾ കെട്ടിയിട്ടുണ്ട്;

(സി) ഇത് കരാറിൽ പറഞ്ഞിട്ടുള്ള കാര്യമാണോ; കരാറിൽ പറയാത്ത തടയണകൾ കെട്ടിയ നടപടിയെ ഗവൺമെന്റ് എപ്രകാരം കാണുന്നുവെന്ന് വിശദീകരിക്കുമോ;

(ഡി) കരാറിൽ പറയാത്ത തടയണകൾ കെട്ടിയ കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭവാനി നദീജലകരാർ എന്നൊരു കരാർ നിലവിലില്ല. എന്നാൽ ഭവാനി നദിയുടെ പോഷക നദിയായ ശിരുവാണിപുഴയിൽ നിന്നും തമിഴ്നാട്ടിലെ കോയമ്പത്തൂരിലേക്കും കേരളത്തിലെ അട്ടപ്പാടി പ്രദേശത്തേക്കും വെള്ളം നൽകുന്നതിനായി ശിരുവാണി കുടിവെള്ള പദ്ധതി കരാർ നിലവിലുണ്ട്. പ്രസ്തുത കരാറിൽ തടയണകളുടെ നിർമ്മാണത്തെക്കുറിച്ച്, പരാമർശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly